Draft #8 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Jan-2021 12:39 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

നവകേരളം യുവകേരളം- ബഹു. മുഖ്യമന്ത്രി സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് 29.01.2021-ന് പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന ജനറൽ കമ്മറ്റി യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 669/AC B 7/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 30.01.2021

---

*പരാമർശം:-*ബഹു. മുഖ്യമന്ത്രി സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു. വൈസ് ചാൻസലർ ചെയർമാനായും അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജനറൽ കമ്മറ്റി 29.01.2021 02.00 പി.എം-ന് പ്രൊ. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ബഹു. മുഖ്യമന്ത്രി 08.02.2021-ൽ സർവ്വകലാശാല ക്യാമ്പസിൽ വച്ച് വിദ്യാർത്ഥികളുമായി സംവദിക്കുന്നതിനായി നിശ്ചയിച്ചുള്ള സ്റ്റുഡന്റ്സ് മീറ്റിൻറെ നടത്തിപ്പുമായി ബന്ധപ്പെട്ട് ബഹു.വൈസ് ചാൻസലർ ചെയർമാനായും അഡ്വ. പി.ഷാനവാസ് (സിൻഡിക്കേറ്റ് അംഗം) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജനറൽ കമ്മറ്റി 29.01.2021, 2.00 PM-ന് പ്രൊ-വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ വൈസ് ചാൻസലറുടെ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ കൈക്കൊണ്ടു.

1. സ്റ്റുഡന്റ്സ് മീറ്റുമായി ബന്ധപ്പെട്ട് സ്റ്റേജ്, പന്തൽ, ലൈറ്റ് & സൗണ്ട് എന്നിവയുടെ ടെണ്ടർ അംഗീകരിക്കുകയും, വർക്ക് ഓർഡർ നൽകുകയും ചെയ്തതായി യൂണിവേഴ്സിറ്റി എഞ്ചിനീയർ അറിയിക്കുകയും, 06/02/2021 ശനിയാഴ്ചയോടുകൂടി ഈ പണികൾ പൂർത്തിയാക്കുന്നതാണെന്നും, റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 30.01.2021 വർക്ക് ഓർഡർ നൽകുന്നതാണെന്നും, പന്തൽ, ലൈറ്റ് & സൗണ്ട്, നെറ്റ്‌വർക്ക്, സ്വിച്ച് എന്നിവയ്ക്കുള്ള തുകയും പോഡിയം, കസേരകൾ എന്നിവ പോളിഷ് ചെയ്യുന്നതുൾപ്പെടെ 7 ലക്ഷം രൂപ ചെലവാകുമെന്നും യൂണിവേഴ്സിറ്റി എഞ്ചിനീയർ അറിയിച്ചത് പരിഗണിച്ച് ടി ജോലികൾ തൃപ്തികരമായി പൂർത്തീകരിച്ചതിനു ശേഷം ധനകാര്യ വിഭാഗത്തിന്റെ അംഗീകാരത്തിന് ശേഷം തുക നൽകുന്നതിന് യോഗം ശിപാർശ ചെയ്തു.
2. ബോർഡ്, ആർച്ച്, ഫോട്ടോ, വീഡിയോ, ഹോർഡിങ്, ടാബ്ലോയിഡ് എന്നിവയ്ക്ക് എല്ലാമായി ഏകദേശ ചെലവ് 1.47 ലക്ഷം രൂപ വരുമെന്ന് പബ്ലിസിറ്റി കൺവീനർ അറിയിച്ചത് അംഗീകരിക്കുവാൻ ശിപാർശ ചെയ്തു. ടാബ്ലോയിഡിൽ മുഖ്യമന്ത്രിയുടെയും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെയും ലേഖനങ്ങൾ ലഭിക്കുന്നതിന് ഗവൺമെന്റിലേക്ക് അറിയിപ്പ് നൽകുവാനും ശിപാർശ ചെയ്തു.
3. ഇന്റർനെറ്റ് സംബന്ധമായ കാര്യങ്ങൾ തടസ്സം കൂടാതെ പ്രവർത്തിപ്പിക്കുന്നതിന് നെറ്റ് വർക്ക് എഞ്ചിനീയർ ബിനോജ് ചെറിയാൻ, പ്രവീൺ എന്നിവരെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്തു. കൂടാതെ ടി പരിപാടിക്കായി പി.വി.സി. ക്വാർട്ടേഴ്സിലുള്ള വൈ ഫൈ ഡിവൈസ് ഉപയോഗിക്കുവാനും ശിപാർശ ചെയ്തു.
4. ഫയൽ, ബുക്ക്, പേന, ഡയറി, റിസോഴ്സ് പേഴ്സനുള്ള റ്റി.എ., ഡി.എ. ഉൾപ്പെടെ 85,000/- രൂപയുടെ എസ്റ്റിമേറ്റ് റിസപ്ഷൻ കമ്മിറ്റി കൺവീനർ അവതരിപ്പിച്ചത് അംഗീകരിക്കുവാൻ ശിപാർശ ചെയ്തു. ടി തുക ഡി.എസ്.എസ്സിന്റെ ഫണ്ടിൽ നിന്നും നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും ശിപാർശ ചെയ്തു
5. സ്റ്റുഡന്റ്സ് മീറ്റിൽ പ്രദർശിപ്പിക്കേണ്ട വീഡിയോ ക്ലിപ്പിങ്ങിൽ കുറച്ചുകൂടി പരിഷ്കാരം ആവശ്യമാണെന്ന അഭിപ്രായം വന്നതിനെ തുടർന്ന് ആവശ്യമായ ഡാറ്റ ലഭിച്ചാൽ ഉടൻ തന്നെ ഇതിനു അന്തിമ രൂപം നൽകുന്നതാണ് എന്ന്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ടെക്നിക്കൽ കമ്മിറ്റി കൺവീനർ അറിയിച്ചത് യോഗം അംഗീകരിച്ചു..

6. പരിപാടിയുടെ സ്പോൺസറിങ്ങിനു എസ്.ബി.ഐ-യുമായിട്ട് ഫിനാൻസ് ഓഫീസർ സംസാരിച്ചതിൽ നിന്നും അവർക്ക് ഇത് സംബന്ധിച്ച് കുറച്ചുകൂടി വിവരങ്ങൾ ആവശ്യമുണ്ടെന്ന് അറിയിച്ചു. ആവശ്യമായ വിവരങ്ങൾ ബാങ്ക് അധികൃതർക്ക് നൽകുവാൻ ശിപാർശ ചെയ്തു.
7. സ്റ്റുഡന്റ്സ് മീറ്റിനെ സംബന്ധിച്ച് അറിയിപ്പ് നൽകുന്നതിന് കോട്ടയം പ്രസ്സ് ക്ലബ്ബിൽ 04.02.2021-നു പ്രസ്സ് മീറ്റിങ് നടത്തുവാൻ ശിപാർശ ചെയ്തു.
8. അക്കാദമിക സ്ക്രീനിംഗ് കമ്മിറ്റിയുടെ കൺവീനർ, സ്റ്റുഡന്റ്സ് മീറ്റിൽ അവതരിപ്പിക്കേണ്ട വിഷയങ്ങൾ അഫിലിയേറ്റഡ് കോളേജുകളിലെ വിദ്യാർത്ഥികളിൽ നിന്നും ലഭിച്ചതായും, 28.01.2021-ൽ കൂടിയ സ്ക്രൂട്ടണി കമ്മിറ്റി അവ പരിശോധിക്കുകയും തിരഞ്ഞെടുക്കേണ്ടവ സംബന്ധിച്ച് ഏകദേശ ധാരണയിൽ എത്തിച്ചേർന്നിട്ടുള്ളതായും 30.01.2021-ൽ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണെന്നും അറിയിച്ചത് യോഗം അംഗീകരിച്ചു..
9. സെക്യൂരിറ്റി സംബന്ധമായ വിഷയങ്ങൾ സെക്യൂരിറ്റി ഓഫീസർ വിശദീകരിച്ചത് അംഗീകരിക്കുവാൻ ശിപാർശ ചെയ്തു.
10. ടി പരിപാടിയുമായി ബന്ധപ്പെട്ട് മുൻകൂർ തുകയായി 3,50,000/- രൂപ (മൂന്നു ലക്ഷത്തിഅമ്പതിനായിരം രൂപ മാത്രം) ശ്രീമതി.സുമ എം.പി., സെക്ഷൻ ഓഫീസർ, ഫിനാൻസ് ഓഡിറ്റ് IV-ന്റെ പേരിൽ അനുവദിക്കുവാനും പ്രസ്തുത തുക ഫിനാൻസ് ഓഫീസർ ശിപാർശ ചെയ്ത പ്രകാരം 2020-'21 വർഷത്തെ 22 10 117 Other Expenses എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും കുറവ് ചെയ്യേണ്ടതാണ് എന്നും ശിപാർശ ചെയ്തു.
11. അടുത്ത ജനറൽ കമ്മറ്റി യോഗം 03.02.2021, 02.00 PM-ന് ചേരുവാൻ ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

പകർപ്പ്

(1) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(2 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും, ഫിനാൻസ് ഓഫീസറുടെയും പി.എ മാർക്ക്.
(3) അഡ്വ.പി. ഷാനവാസ് (സിൻഡിക്കേറ്റ് അംഗം & ജനറൽ കമ്മറ്റി കൺവീനർ )
(4) പ്രൊഫ.ഹരികൃഷ്ണൻ പി. (സിൻഡിക്കേറ്റ് അംഗം& പ്രോഗ്രാം & കോ ഓർഡിനേഷൻ കമ്മറ്റി കൺവീനർ)
(5) ഡോ. ബി. കേരളവർമ ( സിൻഡിക്കേറ്റ് അംഗം & അക്കാദമിക് & സ്ക്രീനിംഗ് കമ്മിറ്റി കൺവീനർ)
(6) പ്രൊഫ.(ഡോ.) നന്ദകുമാർ കളരിക്കൽ (സിൻഡിക്കേറ്റ് അംഗം&ഫുഡ് & ഹോസ്പിറ്റാലിറ്റി കമ്മറ്റി കൺവീനർ)
(7) ഡോ. എ. ജോസ്, (സിൻഡിക്കേറ്റ് അംഗം & ധനകാര്യം കമ്മറ്റി കൺവീനർ)
(8) ഡോ . ബിജു തോമസ് (സിൻഡിക്കേറ്റ് അംഗം, സ്റ്റേജ് & ഹാൾ കമ്മറ്റി കൺവീനർ)
(9) ഡോ.വർഗ്ഗീസ് കെ. ചെറിയാൻ (സിൻഡിക്കേറ്റ് അംഗം & പബ്ലിസിറ്റി കമ്മറ്റി കൺവീനർ)
(10) ഡോ. സുധാകരൻ കെ. എം (സിൻഡിക്കേറ്റ് അംഗം & ടെക്നിക്കൽ കമ്മറ്റി കൺവീനർ)
(11) ഡോ. ഷാജില ബീവി എസ്. (സിൻഡിക്കേറ്റ് അംഗം & റിസപ്ഷൻ കമ്മറ്റി കൺവീനർ)
(12) ശ്രീ.മുഹമ്മദ് അബ്ബാസ് എസ്. (സർവ്വകലാശാല യൂണിയൻ ജനറൽ സെക്രെട്ടറി
(13 ) സർവ്വകലാശാല എൻജിനിയർ (തുടർ നടപടികൾക്കായി)
(14) ജെ.ആർ 1 (ഭരണം), ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
എ.ആർ 4 (അക്കാദമിക് )
(15 ) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
(16) AD A3/ AD D /Audit I/ഡി.എസ്.എസ്
(17 ) പി.ആർ.ഒ (തുടർ നടപടികൾക്കായി )
(18) വകുപ്പ് മേധാവി (സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസ് )
(19) സെക്യൂരിറ്റി ഓഫീസർ (തുടർ നടപടികൾക്കായി )

Draft #8 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Jan-2021 12:39 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(20) ശ്രീ. രാജീവ് എ. സെക്ഷൻ ഓഫീസർ (അക്കൗണ്ട്സ് 3)
(21) ശ്രീമതി.സുമ എം.പി., സെക്ഷൻ ഓഫീസർ,
ഫിനാൻസ് ഓഡിറ്റ് IV-
(22 ) സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി.

Draft #8 of File 3379/AC B7-3/2021/REG SECT Approved by ASSISTANT REGISTRAR IV (ACADEMIC) on 30-Jan-2021 12:39 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം